"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആസ്തിവികസന പദ്ധതി 2015-16 - (എൽ.എ.സി-എ.ഡി.എസ്) - അഴീക്കോട് നിയോജകമണ്ഡലം - ചിറക്കൽ പഞ്ചായത്തിലെ മന്ന സ്റ്റേഡിയം - ഗ്രാണ്ട് നവീകരണം എന്ന പ്രവൃത്തിക്ക് - പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2799/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

പരാമർശം:- 1. സ.ഉ.(സാധാ) നം. 2513/2016/തസ്വഭവ തീയതി 25.08.2016.

2. സ.ഉ(സാധാ) നം.3085/2022/തസ്വഭവ തീയതി 20.04.2022.

3. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2022 ലെ പി.എ.എൻ/9155/ ജെ4/ (ഡി.പി.) നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ അഴിക്കോട് മണ്ഡലത്തിലെ 2015-16 ലെ എം.എൽ.എ യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മുഖേന വളപ്പട്ടണം ഗ്രാമ പഞ്ചായത്തിലെ സി.എൻ കഞ്ഞഹമ്മദ് ഹാജി വളപ്പട്ടണം മിനി സ്റ്റേഡിയം നവീകരിക്കുന്നതിനായി 2,17,87,778/- രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകിയിരുന്നു. എന്നാൽ പദ്ധതിക്ക് റെയിൽവേയുടെ അനുമതി ലഭ്യമാവാത്തതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ലാത്തതിനാലും, കൂടാതെ കെ-റെയിൽ പദ്ധതിയുടെ അലൈൻമെന്റ് പ്രസ്തുത സ്ഥലത്ത് കൂടി കടന്നു പോകുന്നതിനാലും മുൻ എം.എൽ.എ ശുപാർശ ചെയ്ത പ്രസ്തുത പദ്ധതിക്ക് പകരം ചിറക്കൽ പഞ്ചായത്തിലെ മന്ന സ്റ്റേഡിയം-ഗ്രൗണ്ട് നവീകരിക്കുന്നതിന് ഭരണാനുമതി മാറ്റി നൽകുന്നതിനും, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് മുഖേന പ്രവൃത്തി നടപ്പിലാക്കുന്നതിനും പ്രത്യേകാനുമതി നൽകണമെന്ന് നിലവിലെ ബഹു.എം.എൽ.എ ശ്രീ.കെ.വീ. സുമേഷ് അവർകൾ ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം 2,17,87,778/- രൂപയുടെ ഭരണാനുമതി നൽകിയ വളപ്പട്ടണം ഗ്രാമ പഞ്ചായത്തിലെ സി.എൻ കഞ്ഞഹമ്മദ് ഹാജി വളപ്പട്ടണം മിനി സ്റ്റേഡിയം നവീകരണം എന്ന പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് റദ്ദ് ചെയ്ത് പ്രസ്തുത പദ്ധതിക്ക് പകരം ചിറക്കൽ പഞ്ചായത്തിലെ മന്ന സ്റ്റേഡിയം -ഗ്രൗണ്ട് നവീകരണം എന്ന പ്രവർത്തിയ്ക്ക് ഏജൻസിയെ തീരുമാനിക്കുന്ന കാര്യത്തിൽ നിലവിലെ സർക്കാർ ഉത്തരവുകൾ പാലിക്കപ്പെടേണ്ടതാണ് എന്ന നിബന്ധനയോടെ പുതുക്കിയ ഭരണാനുമതി നൽകികൊണ്ട് ഉത്തരവ്